കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് പത്തനംതിട്ട ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ്, ജില്ലാ ഓഡിറ്റ്
നം.കെ.എസ്.എ.പി.റ്റി.എ.പി.12/863/19 കാര്യാലയം, പത്തനംതിട്ട ജില്ല
തീയതി- 11-10-2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 4 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവകാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.പി.റ്റി.എ.പി.12/863/19
തിയതി:11-10-2019

# പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2019 മുതൽ 31.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഹബീബ് മുഹമ്മദ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.09.2019 മുതൽ 30.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. നിർമ്മല മാത്യൂസ് (01.4.2018 മുതൽ 12-12-2018 വരെ)<br>അഡ്വ. ആർ. കൃഷ്ണകുമാർ ( 13-12-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീമതി റെക്സി തോമസ് (01.04.2018 മുതൽ 12.10.2018 വരെ)<br>ശ്രീമതി ഷൈല എൻ.കെ. (13.10.2018 മുതൽ 06.12.2018 വരെ)<br>(ജോയിന്റ് ബി.ഡി.ഒ. ഇൻചാർജ്)<br>ശ്രീമതി അനു സി.എസ്. (07.12.2018 മുതൽ 31.03.2018 വരെ) |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ. | ശ്രീമതി ആൻ ഡാർലി വർഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി നാദീറാ ബീഗം എ. | 01.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി ബ്ലെസ്സി മറിയം ജോൺ | 01.04.2018 മുതൽ 24.09.2018 വരെ |
| | ശ്രീ. ജോർജ് വി. തോമസ് | 25.09.2018 മുതൽ 03.11.2018 വരെ |
| | ശ്രീമതി അമ്പിളി സി | 04.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ബിന്ദു വേലായുധൻ | 01.04.2018 മുതൽ 07.06.2018 വരെ |
| | ശ്രീമതി ബിന്ദു എസ് കരുണാകരൻ, (അസി. എഞ്ചി. ഇൻചാർജ്) | 08.06.2018 മുതൽ 01.07.2018 വരെ |
| | ശ്രീമതി ശ്രീകല കെ.ജി. | 02.07.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അജിതാദേവി പി | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ബീന എലിസബേത്ത് ജോൺ | 01.04.2018 മുതൽ 31.07.2018 വരെ |
| | ഡോ. സുരേഷ് കുമാർ പിള്ള | 01.08.2018 മുതൽ 31.03.2019 വരെ |
| എസി.സി.ഡി.ഒ. | ശ്രീമതി അമ്പിളി കെ.യു. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സർജൻ | ഡോ. ജ്യോതീന്ദ്രൻ എസ് | 01.04.2018 മുതൽ 06.08.2018 വരെ |
| | ഡോ. അജിത പി | 07.08.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 - ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | റിട്ടെൻഷൻ തുക ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യിട്ടില്ല | 1-10 |
| 11 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല | 1-12 |
| 13 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 14 | സംയുക്തപദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-14 |
| 15 | ഷീപാഡ് പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലില്ലാത്ത പദ്ധതി നടപ്പിലാക്കി | 1-15 |
| 16 | ടെണ്ടർ ഫീസ് – തിരികെ ലഭിക്കാനുള്ളത് 2.41 ലക്ഷം രൂപ | 1-16 |
| | ഭാഗം 2 വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| 17 | വരവ് നിരീക്ഷണങ്ങൾ | |
| | ഭാഗം 3 ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | ചെലവ് നിരീക്ഷണങ്ങൾ | 3-1 |
| | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 19 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 20 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 22 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 23 | സ്ഥിര നിക്ഷേപം | 4-6 |
| 24 | ഓഡിറ്റ് റിക്കവറി | 4-7 |
| 25 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 26 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 29 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 30 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 31 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 32 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 2018-19 വർഷത്തെ വരവ്/ചെലവ് കണക്കുകളുടെ ബജറ്റ് 16/03/2018 തീയതിയിലെ 2-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76,99,981- |
| വരവ് | 4,51,76,182- |
| ആകെ | 5,28,76,163- |
| ചെലവ് | 4,08,72,497- |

| | |
|---|---|
| നീക്കിയിരിപ്പ് | 1,20,03,666- |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ഇല്ല | 2,76,06,000- | 2,76,06,000, | 2,21,60,785- | 54,45,215- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | ഇല്ല | 1,14,96,000- | 1,14,96,000- | 67,80,878- | 47,15,122- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | ഇല്ല | 3,35,000- | 3,35,000- | 1,50,000- | 1,85,000- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | ഇല്ല | 32,74,000- | 32,74,000- | 19,25,344- | 13,48,656- |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4,07,949- | 95,69,267- | 99,77,216- | 50,22,058- | 49,55,158- |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 118 | 1,33,04,163- | 72 | 28,54,017- | 46 | 64 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18ലെ വാർഷിക പദ്ധതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ, സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ എന്നിവ നടപ്പാക്കുമ്പോൾ ഗ്രാമപ്പഞ്ചായത്തുകളുടെ മുൻകൂട്ടിയുള്ള സമ്മതം വാങ്ങാതെയാണ് പ്രൊജക്ടുകൾ തയ്യാറാക്കുന്നത്.

2) വിവിധ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കും കുടിവെള്ള പദ്ധതികൾക്കുമായി കേരള വാട്ടർ അതോറിറ്റിയിൽ ഓരോ വർഷവും ലക്ഷങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും അവയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് ഈ വകുപ്പിന്റെ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലുള്ള പരാമർശങ്ങളും അവഗണിക്കപ്പെട്ടു.

3) സംയുക്ത പദ്ധതികൾ പ്രകാരം ഓരോ വർഷവും ഗ്രാമപ്പഞ്ചായത്തുകൾക്ക് ഗണ്യമായ തുക വിഹിതമായി നൽകുന്നുണ്ടെങ്കിലും അവയിൽ എത്ര തുക നിർദ്ദിഷ്ട പദ്ധതികൾക്ക്

വിനിയോഗിച്ചുവെന്ന് മോണിട്ടർ ചെയ്യുന്നില്ല.

വർഷാരംഭത്തിന് മൂന്ന് മാസം മുമ്പ് മുതൽ പ്രോജക്ടുകളുടെ രൂപീകരണം ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ട്. അത് കൃത്യമായി പാലിക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകൾ യഥാസമയം അംഗീകാരിക്കാവുന്നതും, ബജറ്റ് അലോട്ട്മെന്റ് ലഭിക്കുമ്പോൾ തന്നെ മുൻഗണനാക്രമം അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ട വിഹിതം നൽകാവുന്നതും, ടി പ്രോജക്ടുകൾ യഥാസമയം നിർവ്വഹിച്ചു എന്ന് ഉറപ്പാക്കാവുന്നതുമാണ്.

4) ബ്ലോക്ക്പഞ്ചായത്തിന്റെ ഗ്രൂപ്പ്, വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾക്കുള്ള ഗുണഭോക്താക്കളെ വിവിധ ബ്ലോക്ക് കമ്മിറ്റികളിൽ അംഗീകരിക്കുന്നതായാണ് കാണുന്നത്. ഇത് ക്രമപ്രകാരമല്ല. വർഷാരംഭത്തിന് മുമ്പ് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റുകൾ ആവശ്യപ്പെടേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തുകളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ തയ്യാറാക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്രകാരം ലഭ്യമാകുന്നതാണ്. ടി ലിസ്റ്റുകൾ ക്രോഡീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധീകരിക്കേണ്ടതും പ്രോജക്ടുകൾ നടപ്പാക്കേണ്ടതുമാണ്. ഇത് സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സഹായകമാണ്.

5) വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്യുന്നില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല - ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ് (തദ്ദേശസ്വയംഭരണ വകുപ്പിന്റെ (ഡി.ബി.) 13.01.2010ലെ 58608/ഡി.ബി2/09). ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അത് കാലികമാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, സെക്രട്ടറിയും എൽ.എസ്.ജി.ഡി എക്സിക്യൂട്ടിവ് എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

7) തൻ വർഷം പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ വികസന ഫണ്ടും, മെയിന്റനൻസ് ഫണ്ടും സമയ ബന്ധിതമായി ചെലവഴിക്കാത്തതിനാൽ വർഷാവസാനം 2,14,53,186-രൂപ നഷ്ടപ്പെട്ടു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 481.50 | 8,54,974- | 8,55,455.50 | 8,54,484- | 971.50 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2019 തീയതിയിൽ 10.30.AM- ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലയെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.02.2019 മുതൽ 23.02.2019 വരെ | 2018-19 മുതൽ 2019 ജനുവരി വരെ | 16.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.05.2019 മുതൽ 16.05.2019 വരെ | 2014-15 മുതൽ 2018-19 വരെ | 06.06.2019 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല. (ഷെഡ്യൂൾ ബി-4)

2. നിക്ഷേപ പ്രവൃത്തികൾകകായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയതിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത തുകകളുടെ വിശദാംശങ്ങൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-10 റിട്ടെൻഷൻ തുക ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല

| | | | |
|---|---|---|---|
| പ്രോ. നം. 127/19 | ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും ഓഫീസ് സൌകര്യം ഒരുക്കൽ | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | | - 29,01,000- | T.S. No. 79750/17-18 |
| കോൺട്രാക്ടർ - | വർഗ്ഗീസ് ജോർജ് | കോൺട്രാക്ട് തുക – | 23,65,553- |
| ചെലവ് വിവരം | | | |
| ഒന്നാം പാർട്ട് ബിൽ<br>ബിൽ നം.3/8-8-18 | പ്രവൃത്തി മൂല്യം - 4,83,291- | റിട്ടെൻഷൻ 10% - 48,329- | ബിൽ തുക - 4,34,962- |
| രണ്ടാം പാർട്ട് ബിൽ<br>ബിൽനം.4/24-11-18 | പ്രവൃത്തി മൂല്യം - 4,03,076- | റിട്ടെൻഷൻ 10% - 40,308- | ബിൽ തുക – 3,62,768- |
| മൂന്നാം പാർട്ട് ബിൽ<br>ബിൽനം.12/26-3-19 | പ്രവൃത്തി മൂല്യം - 7,76,249- | റിട്ടെൻഷൻ 2.5% - 19,406- | ബിൽ തുക – 7,56,843- 18-19ൽ ക്യൂ-ബിൽ ആയതിനാൽ 5-4-19ൽ മാറി നൽകി. |
| ആകെ | 16,62,616- | 1,08,043- | 15,54,573- |

2018-19 വർഷം നടപ്പാക്കിയ ‘ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും

ഓഫീസ് സൗകര്യം ഒരുക്കൽ' എന്ന പദ്ധതിയിൽ രണ്ട് പാർട്ട് ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. മൂന്നാം പാർട്ട് ബിൽ 2018-19ലെ ക്യൂ ബില്ലിൽ ഉൾപ്പെട്ടതിനാൽ 5-4-19ൽ (2019-20) മാറി നൽകി. മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഈ പ്രോജക്ടിന്റെ ആദ്യ രണ്ട് ബില്ലുകളിൽ 10% വീതവും, മൂന്നാമത്തെ ബില്ലിൽ 2.5% ഉം റിട്ടെൻഷൻ തുക കുറവ് ചെയ്തു. എന്നാൽ റിട്ടെൻഷൻ തുക ഒഴിച്ചുള്ള ബില്ലാണ് ട്രഷറിയിൽ നിന്ന് മാറിയത്. റിട്ടെൻഷൻ തുക ഉൾപ്പെടുത്തി ബിൽ മാറി റിട്ടെൻഷൻ തുക ബ്ലോക്ക് പഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/01-10-19) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം റിട്ടെൻഷൻ തുക മാറി ഇടാതിരുന്നതിനാൽ ടി തുകകൾ പ്രസ്തുത വർഷത്തെ ചെലവിൽ ഉൾപ്പെട്ടില്ല. ആയതിനാൽ ഫൈനൽ ബിൽ തയ്യാറാക്കുന്ന വർഷം ടി റിട്ടെൻഷൻ തുക മുഴുവനും പ്രസ്തുത വർഷത്തെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടി വരും. ഇത് മറ്റ് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഫണ്ട് കണ്ടെത്തുവാൻ തടസ്സമാകും. ആയതിനാൽ 2019-20വർഷം ഇനിയും തയ്യാറാക്കുന്ന ബില്ലിൽ മാറാതിരുന്ന മുഴുവൻ റിട്ടെൻഷൻ തുകയും ടി.എസ്.ബി. അക്കൗണ്ടിലേക്ക് മാറി ഇടേണ്ടതും വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-11 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അവശേഷിക്കുന്നതായി കണ്ടു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/01-10-19) മറുപടി ലഭ്യമാക്കിയില്ല. സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം കാലാവധി കഴിഞ്ഞ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ അടിയന്തിരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

| ക്രമ നം. | രജിസ്റ്റർ ക്രമ നം. | സെക്യൂരിറ്റി തുകയും വിശദാംശങ്ങളും |
|---|---|---|
| 1. | 3. | രൂ.2650- No.018053/14-12-11 തിരുവല്ല ഈസ്റ്റ് കോ.ബാങ്ക്, പുല്ലാട് |
| 2. | ,, | രൂ.2800- No.018799/07-01-12 ,, ,, |
| 3. | 9. | രൂ.2650- No.018052/14-12-11 ,, ഇരവിപേരൂർ |
| 4. | 15. | രൂ.17500- No.165/14-15/02-03-15 ഓതറ SCB, ഈസ്റ്റ് ഓതറ |
| 5. | 19. | രൂ.24000- No.JJ.542174/390047/22-02-16 ട്രഷറി ഡെപ്പോസിറ്റ് |
| 6. | 21. | രൂ.25000- No.JJ.542191/390064/03-3-16 ,, ,, |
| | ആകെ - | രൂ.74600- |

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല

2018-19 വർഷം പ്രോ.നം. 63/19 ആയി എഴുമറ്റൂർ വി.ഇ.ഒ. ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം ഫണ്ടിൽ നിന്ന് രൂ. 478575- ചെലവഴിച്ച് നിർവ്വഹിച്ചു. പുതിയതായി ഒരു ബാത്ത്റൂമും ഈ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചു. നിലവിൽ വി.ഇ.ഒ.മാർക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഓഫീസുകളോട് ചേർന്ന് ഓഫീസ് സൌകര്യം നൽകിയിട്ടുള്ളതിനാൽ ടി കെട്ടിടം വി.ഇ.ഒ.മാരുടെ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. പ്രസ്തുത കെട്ടിടം എന്ത് ആവശ്യത്തിന് ഉപയുക്തമാക്കുവാനാണ് എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/01-10-19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി കെട്ടിടം ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

2018-19 വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായി ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | അപാകതകൾ |
|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി. | 19/19- പ്ലാങ്കമൺ ഡിവി ഷനിലെ വിവിധ സ്ഥല ങ്ങളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 46/18-18/ 16.03.19<br>34/18-19/ 18.01.19 | 1,56,586-<br>34,18,481- | നിർവ്വഹണഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരി ശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | കെ.എസ്. ഇ.ബി. | 108/19- പുല്ലേലിമല കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 4/18-19/ 19.05.18 | 1,71,000- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, സാമൂഹ്യഭൂപടം, പട്ടികജാതി വികസന ഓഫീ സിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | കെ.എസ്. ഇ.ബി. | 109/19- കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5/18-19/ 19.05.18 | 50,000- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരി ശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | കെ.എസ്. ഇ.ബി. | 148/19- അയിരൂർ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42/18-19/ 11.03.19 | 1,00,000- | |
| 5 | കെ.എസ്. ഇ.ബി. | 149/19- ഇലഞ്ഞിപ്പടി ഉണ്ടപ്പുരയിടം കോളനിയിൽ 3 ഫേസ് ലൈനും സിംഗിൾ ഫേസ് ലൈനും, ഞൂഴൂർ | 39/18-19/ 28.02.19 | 2,38,561- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, സാമൂഹ്യഭൂപടം, പട്ടികജാതി വികസന ഓഫീ സിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | ഐ.എച്ച്.ഡി.പി. കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനം | | | |
| 6 | കെ.എസ്.ഇ.ബി. | 167/19- വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 43/18-19/ 11.03.19 | 2,55,888- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | | | 43,90,516- | |
| 7 | കേരള വാട്ടർ അതോറിറ്റി | 32/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 3 | 48/18-19/ 16.03.19 | 2,79,897- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 8 | കേരള വാട്ടർ അതോറിറ്റി | 33/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 4 | 49/18-19/ 16.03.19 | 2,79,897- | |
| 9 | കേരള വാട്ടർ അതോറിറ്റി | 34/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 5 | 50/18-19/ 16.03.19 | 2,79,897- | |
| 10 | കേരള വാട്ടർ അതോറിറ്റി | 37/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 9 | 51/18-19/ 16.03.19 | 2,79,897- | |
| 11 | കേരള വാട്ടർ അതോറിറ്റി | 92/19-പഴയകാവ് കുടിവെള്ളപദ്ധതി (ഡിവിഷൻ 12) | 7/18-19/ 29.5.18 | 6,97,182- | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 12 | കേരള വാട്ടർ അതോറിറ്റി | 101/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 1) | 12/18-19/ 05.07.18 | 2,14,662- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 13 | കേരള വാട്ടർ അതോറിറ്റി | 102/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 4) | 13/18-19/ 05.07.18 | 3,02,818- | വിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 14 | കേരള വാട്ടർ അതോറിറ്റി | 103/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 60/18-19/ 25.03.19 | 57,182- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 15 | കേരള വാട്ടർ അതോറിറ്റി | 111/19- തോട്ടപ്പുഴ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14/18-19/ 05.07.18 | 5,92,000- | വിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 16 | കേരള വാട്ടർ അതോററ്റി | 112/19- ബഥനിപ്പടി കൊച്ചുകാല കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 11/18-19/ 05.07.18 | 4,60,480- | വിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 17 | കേരള വാട്ടർ അതോററ്റി | 113/19- വേങ്ങഴത്തറ സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3/18-19/ 19.05.18 | 3,40,000- | സാമൂഹ്യഭ്രപടം, പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം വിനിയോഗ സാക്ഷ്യപത്രം എന്നിവ പരി ശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 18 | കേരള വാട്ടർ അതോററ്റി | 114/19- വേട്ടക്കുന്ന് എസ്.സി. കുടിവെള്ള പദ്ധതി | 52/18-19/ 16.03.19 | 61,250- | നിർവ്വഹണ ഏജൻസിയുമായി ചമച്ച കരാർ, സാമൂഹ്യഭ്രപടം, പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാ ക്കിയിട്ടില്ല. |
| 19 | കേരള വാട്ടർ അതോററ്റി | 142/19- എടയ്ക്കാട് ഡിവിഷൻ 5 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 53/18-19/ 16.03.19 | 2,52,689- | |
| 20 | കേരള വാട്ടർ അതോററ്റി | 147/19- നന്നൂർ ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 54/18-19/ 16.03.19 | 2,52,689- | |
| 21 | കേരള വാട്ടർ അതോററ്റി | 173/19- പൊട്ടക്കുളം ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതി വാട്ടർ അതോററ്റിക്ക് തുക കൈമാറൽ | 55/18-19/ 16.03.19<br>8/03-19/ 16.03.19 | 2,40,199-<br>3,32,051- | |
| | ആകെ | | | 49,22,790- | |

കൂടാതെ പല ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും തുക സാമ്പത്തിക വർഷാവസാനമാണ് നിക്ഷേപിച്ചിട്ടുള്ളത്. കെ.എസ്. ഇ.ബി., വാട്ടർ അതോററ്റി തുടങ്ങിയ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക നവംബർ 30നകം നൽകേണ്ടതാണെന്ന് 21-11-18ലെ ഡി.എ.1/798/2018/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സംയുക്തപദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് | ബിൽ നം./ തീയതി | തുക | ഗ്രാമപഞ്ചായത്ത് | |
|---|---|---|---|---|---|
| 1 | 4/19- ലൈഫ് ഭവനപദ്ധതി | 14/18-19/ 28.07.18 | 55,21,200- | ഇരവിപേരൂർ | 450710 |
| | | | | എഴുമറ്റൂർ | 788743 |
| | | | | പുറമറ്റം | 788743 |
| | | | | കോയിപ്രം | 1126776 |
| | | | | തോട്ടപ്പുഴശ്ശേരി | 563388 |

| | | | | | |
|---|---|---|---|---|---|
| | | | | അയിരൂർ | 1802840 |
| 2 | 13/19- ഇരവിപേരൂർ ഡിവിഷനിലെ റോഡുകളുടെ നവീകരണം- പഞ്ചായത്തിന് വിഹിതം നൽകൽ | 25/18-19/ 7.11.18 | 4,24,700- | ഇരവിപേരൂർ | |
| 3 | 14/19- ഇടയ്ക്കാട് ഡിവിഷനിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 18/18-19/ 28.09.18 | 3,24,700- | അയിരൂർ | |
| 4 | 15/19- അയിരൂർ ഡിവിഷനിലെ റോഡുകളുടെ നവീകരണം- പഞ്ചായത്തിന് വിഹിതം നൽകൽ | 10/18-19/ 28.6.18 | 3,00,000- | അയിരൂർ | |
| 5 | 16/19 – പുല്ലാട് ഡിവിഷനിലെ റോഡുകളുടെ നവീകരണം- പഞ്ചായത്തിന് വിഹിതം നൽകൽ | 19/18-19/ 28.09.18 | 4,24,700- | കോയിപ്രം | |
| 6 | 18/19- അയിരൂർ 9-ാം വാർഡില് അംഗൻവാടി കെട്ടിടത്തിന് ചുറ്റമതില് പഞ്ചായത്തിന് വിഹിതം നൽകൽ | 20/18-19/ 28.09.18 | 1,00,000- | അയിരൂർ | |
| 7 | 22/19- ചാമക്കാലാ കൊട്ടാരത്തിൽ കടവ് കോൺക്രീറ്റിംഗ് പഞ്ചായത്തിന് വിഹിതം നൽകൽ | 21/18-19/ 28.09.18 | 2,00,000- | ഇരവിപേരൂർ | |
| 8 | 24/19- ഓതറ ഡിവിഷനിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം- പഞ്ചായത്തിന് വിഹിതം നൽകൽ | 21/18-19/ 28.09.18 | 2,00,000- | കോയിപ്രം | |
| 9 | 46/19 – ചരൽകുന്ന് ഡിവിഷനിലെ റോഡുകളുടെ നവീകരണം- പഞ്ചായത്തിന് വിഹിതം നൽകൽ | 26/18-19/ 08.11.18 | 4,24,700- | തോട്ടപ്പുഴശ്ശേരി | |
| 10 | 152/19-പാറക്കടവ് കോളനി- തിരുവാമനപുരം റോഡ് പുനരുദ്ധാരണം- ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 32/18-19/ 20.12.18 | 7,20,597- | ഇരവിപേരൂർ | |
| 11 | 157/19- ഹരിതകർമ്മസേന- വി.ജി.എഫ്. പദ്ധതിക്കായി പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 27/18-19/ 14.11.18 | 7,00,000- | കോയിപ്രം | |
| | ആകെ | | 93,40,597- | | |

സംയുക്ത പദ്ധതികൾ തൻവർഷം തന്നെ നടപ്പിലാക്കിയിട്ടില്ലെങ്കിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള സ്ഥാപനം തുക തിരികെ സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഷീപാഡ് പദ്ധതി- ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലില്ലാത്ത പദ്ധതി നടപ്പിലാക്കി

2018-19 വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് സ്കൂളുകൾക്ക് നാപ്കിൻ വെൻഡിംഗ് മെഷീൻ ( പ്രൊജകട് നം-6/19). പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 7,49,072- രൂപ വനിതാ വികസന കോർപ്പറേഷന് കൈമാറി (ബിൽ നം 31/18-19 തീയതി 20.12.2019. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടികയിൽ വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ സർക്കാർ വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിലുള്ളത്. ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ മേഖലാചുമതലയിൽപ്പെടാത്ത പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ലായെന്ന് 13.06.2018-ലെ 22999/ഡി.പി.4 /ഡി.ഡി.ആർ. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ തങ്ങളുടെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. സർക്കാർ മാർഗനിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ടെണ്ടർ ഫീസ് - തിരികെ ലഭിക്കാനുള്ളത് 2.41ലക്ഷം രൂപ

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും 28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവിൽ ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. 2015-16, 16-17, 17-18 വർഷങ്ങളിലും പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയിട്ടുള്ള തുകയും തിരികെ വാങ്ങുവാൻ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രവൃത്തികളുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | തിരികെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | ബാലൻസ് |
|---|---|---|---|---|---|
| 1. | 2015-16 | 22 | 1,22,470- | 0 | 1,22,470- |
| 2. | 2016-17 | 16 | 51,490- | 0 | 51,490- |
| 3. | 2017-18 | 13 | 54,200- | 0 | 54,200- |
| 4. | 2018-19 | 3 | 12,876- | 0 | 12,876- |
| ആകെ | | | | | 2,41,036- |

ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുക തിരികെ വാങ്ങുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും,ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെലവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും,സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ നിരീക്ഷണങ്ങൾ ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019 | കെ.എസ്.എ.പി.റ്റി.എ.പി.1.602(56) തീയതി 09.07.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | നിർവഹണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| നം | ഏജൻസി | | നമ്പർ/ തീയതി | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി. | 19/19- പ്ലാങ്കമൺ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 46/18-18/ 16.03.19<br>34/18-19/ 18.01.19 | 1,56,586-<br>34,18,481- | വിനിയോഗ വിവരം ലഭ്യമല്ല | 1,56,586-<br>34,18,481- |
| 2 | | 108/19- പുല്ലേലിമല കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 4/18-19/ 19.05.18 | 1,71,000- | ,, | 1,71,000- |
| 3 | | 109/19- കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5/18-19/ 19.05.18 | 50,000- | ,, | 50,000- |
| 4 | | 148/19- അയിരൂർ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42/18-19/ 11.03.19 | 1,00,000- | | 1,00,000- |
| 5 | | 149/19- ഇലഞ്ഞിപ്പടി ഉണ്ടപുരയിടം കോളനിയിൽ 3 ഫേസ് ലൈനും സിംഗിൾ ഫേസ് ലൈനും ഞൂഴൂർ ഐ.എച്ച്.ഡി.പി. കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും | 39/18-19/ 28.02.19 | 2,38,561- | ,, | 2,38,561- |
| 6 | | 167/19- വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 43/18-19/ 11.03.19 | 2,55,888- | ,, | 2,55,888- |
| | ആകെ | | | 43,90,516- | | 43,90,516- |
| 7 | കേരള വാട്ടർ അതോററ്റി | 32/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 3 | 48/18-19/ 16.03.19 | 2,79,897- | വിനിയോഗ വിവരം ലഭ്യമല്ല | 2,79,897- |
| 8 | | 33/19- വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 4 | 49/18-19/ 16.03.19 | 2,79,897- | ,, | 2,79,897- |
| 9 | | 34/19- വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 5 | 50/18-19/ 16.03.19 | 2,79,897- | ,, | 2,79,897- |
| 10 | | 37/19- വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 9 | 51/18-19/ 16.03.19 | 279897 | ,, | 279897 |
| 11 | | 92/19- പഴയകാവ് കുടിവെള്ളപദ്ധതി (ഡിവിഷൻ 12) | 7/18-19/ 29.5.18 | 6,97,182- | ,, | 6,97,182- |

| | | | | | | |
|---|---|---|---|---|---|---|
| 12 | | 101/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 1) | 12/18-19/ 05.07.18 | 2,14,662- | ,, | 2,14,662- |
| 13 | | 102/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 4) | 13/18-19/ 05.07.18 | 3,02,818- | ,, | 3,02,818- |
| 14 | | 103/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 60/18-19/ 25.03.19 | 57,182- | ,, | 57,182- |
| 15 | | 111/19- തോട്ടപ്പുഴ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14/18-19/ 05.07.18 | 5,92,000- | ,, | 5,92,000- |
| 16 | | 112/19- ബഥനിപ്പടി കൊച്ചുകാല കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 11/18-19/ 05.07.18 | 4,60,480- | ,, | 4,60,480- |
| 17 | | 113/19- വേങ്ങഴത്തറ സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3/18-19/ 19.05.18 | 3,40,000- | ,, | 3,40,000- |
| 18 | | 114/19- വേട്ടക്കുന്ന് എസ്.സി. കുടിവെള്ളപദ്ധതി | 52/18-19/ 16.03.19 | 61,250- | ,, | 61,250- |
| 19 | | 142/19- എടയ്ക്കാട് ഡിവിഷൻ 5 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 53/18-19/ 16.03.19 | 2,52,689- | ,, | 2,52,689- |
| 20 | | 147/19- നന്നൂർ ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 54/18-19/ 16.03.19 | 2,52,689- | ,, | 2,52,689- |
| 21 | | 173/19- പൊട്ടക്കുളം ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 55/18-19/ 16.03.19<br>8/03-19/ 16.03.19 | 2,40,199-<br>3,32,051- | ,, | 2,40,199-<br>3,32,051- |
| | ആകെ | | | 49,22,790- | | 49,22,790- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 3-4, 3-5 | 2001-02 | V-3-8-1 | അരിപ്പൊടി, മുളക്പൊടി യൂണിററുകൾക്ക് നലകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,28,76,163- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,08,72,497- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീയതി 31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീയതി 05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീയതി 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീയതി 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീയതി 05-03-07 | 8 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീയതി 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീയതി 07-06-08 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീയതി 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീയതി 15-05-09 | 8 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീയതി 13-05-11 | 21 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീയതി 13-12-11 | 14 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീയതി 03-09-13 | എല്ലാ ഖണ്ഡികകളും |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീയതി 12-09-14 | എല്ലാ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീയതി 06-06-15 | എല്ലാ ഖണ്ഡികകളും |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 12 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 12 |

| | | |
|---|---|---|
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-343/2019 തീയതി: 07.06.2019 | 42 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

# ANNEXURE – 1 Audit Certificate

No.KSAPTA/P12/863/2019 Dated: 11.10.2019

Certified that I have examined the Annual Financial Statement of Koipram Block Panchayat in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koipram Block Panchayat for the year 2018-19 except the observations in my report properly presents the picture of income and expenditure.

Habeeb Mohammed
Senior Deputy Director,
Kerala State Audit Department,
District Audit Office, Pathanamthitta.

## അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.പി.റ്റി.എ.പി.12/863/2019 തീയതി: 11.10.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.